11416
4/7/19

'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ലോകബാങ്ക് വികസന നയ വായ്പയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയും ഉപയോഗിച്ച് വിവിധ പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(കൈ) നം.212/2019/റവ. തീയതി,തിരുവനന്തപുരം, 02/07/2019

---

## ഉത്തരവ്

കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് 5137.34 കോടി രൂപയുടെ വികസന നയ വായ്പ ലഭ്യമാക്കുന്നതിന് ധാരണയായിട്ടുണ്ട്. ആയതിന്റെ ആദ്യഗഡുവായി 1750 കോടി രൂപ 2019 ഓഗസ്റ്റ് മാസത്തോടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത ലോകബാങ്ക് വായ്പയും മഹാ പ്രളയത്തെ തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച സംഭാവനയിൽ, ഇതിനകം ഉപയുക്തമാക്കിയതും, ഏറ്റെടുത്തിട്ടുള്ള പദ്ധതികൾക്കായി നീക്കിവച്ചതും കഴിച്ചുള്ള തുകയും വിനിയോഗിച്ച് കൊണ്ട് താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. <u>ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി</u> -

2018-ലെ പ്രളയത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ഏകദേശം 15,000 കി.മീറ്ററും മുനിസിപ്പാലിറ്റിയിൽ 3000 കി.മീറ്ററും കോർപ്പറേഷൻ പ്രദേശങ്ങളിൽ 510 കി.മീറ്ററും തകർന്നിട്ടുണ്ട്. ആയത് പുനർനിർമ്മിക്കുന്നതിനായി മൊത്തം 1600 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. അതിൽ 1769.18 കി.മീറ്റർ ദൈർഘ്യവും 821.83 കോടി രൂപ മൂല്യവുമുള്ള 1525 പുനർനിർമ്മാണ പ്രവൃത്തികൾ തദ്ദേശസ്വയംഭരണ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ പത്തനംതിട്ട, കോട്ടയം, എറണാകുളം, വയനാട്, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, ആലപ്പുഴ എന്നീ 8 ജില്ലകളിലായി 603.744 കീ.മീറ്റർ ദൈർ ഘ്യമുള്ള 318 റോഡുകളുടെ പരിശോധന പൂർത്തിയായിട്ടുണ്ട്. KSTP ലോണിന്റെ പുനർഘടന പ്രകാരം ലഭ്യമാകുന്ന USD 19 മില്യൺ ഉപയോഗിച്ച് ആദ്യഘട്ടത്തിൽ PMGSY നിലവാരത്തിൽ 300 കി.മീറ്റർ പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.അധികമായി വേണ്ടി വരുന്ന തുക വികസന നയ

വായ്പയിൽ നിന്നും കണ്ടെത്തുന്നതാണ്.

മേൽ പദ്ധതികൾക്കുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തദ്ദേശ സ്വയം ഭരണ വകുപ്പ് തയ്യാറാക്കി ഉചിത തലത്തിലുള്ള അംഗീകാരം നേടി ആസൂത്രണ സാമ്പത്തിക കാര്യ( RKI) വകുപ്പിന് സമർപ്പിക്കേണ്ടതും ടി വകുപ്പ് ലോകബാങ്ക് വികസന വായ്പ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യം വേണ്ടുന്ന തുക തദ്ദേശ സ്വയം ഭരണ വകുപ്പിന് അനുവദിക്കുന്നതുമാണ്.

2 ) <u>ആലപ്പുഴ-ചങ്ങനാശ്ശേരി Elevated Highway നിർമാമണം</u> - വെള്ളപ്പൊക്കത്തിൽ നിന്നും സുരക്ഷ നേടുന്ന വിധത്തിൽ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് രൂപകൽപന ചെയ്ത് നിർമ്മിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രതീക്ഷിത ചെലവ് 325-350 കോടി രൂപയാണ്. ഇപ്രകാരം നിർമ്മാണത്തിന് ആവശ്യമായ തുക വികസനനയ വായ്പ പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും കണ്ടെത്തുന്നതാണ്. വിശദമായ പദ്ധതി നിർദ്ദേശം പൊതുമരാമത്ത് വകുപ്പും ആസൂത്രണ സാമ്പത്തിക കാര്യ(ആർ.കെ .ഐ) വകുപ്പും തയ്യാറാക്കുന്നതാണ്.

3) <u>ശംഖുമുഖം എയർപോർട്ട് റോഡ് പുനർനിർമ്മാണം</u>- -4.5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി വികസനനയ വായ്പ പ്രകാരം ലഭിക്കുന്ന തുക ചെലവഴിച്ച് നടപ്പാക്കുന്നതാണ്. വിശദമായ പദ്ധതി നിർദ്ദേശം പൊതുമരാമത്ത് വകുപ്പും ആസൂത്രണ സാമ്പത്തിക കാര്യ(ആർ.കെ .ഐ) വകുപ്പും തയ്യാറാക്കുന്നതാണ്.

4 . <u>മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം</u> - കടലാക്രമണത്തിൽ വീടിനും സ്വത്തിനും നിരന്തരം നാശനഷ്ടം നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്നതിനു വേണ്ടിയാണ് ഈ പദ്ധതി. വേലിയേറ്റ രേഖയിൽ നിന്നും 5 0 മീ. ദൂരത്തിനുള്ളിൽ താമസിക്കുന്ന ഏകദേശം 1 8 , 8 5 0 കുടുംബങ്ങൾ നിലവിലുണ്ടെന്നും, ഇവർ നിരന്തരം കടലാക്രമണ ഭീഷണിയിലാണെന്നും ഇവരെ മാറ്റിപ്പാർപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും മത്സ്യബന്ധന വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. അപ്രകാരം ഒരു കുടുംബത്തിന് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് കുറഞ്ഞത് 10 ലക്ഷം രൂപ ചെലവാകും. മത്സ്യബന്ധന വകുപ്പ് ഇതിനകം തന്നെ ആയിരത്തോളം കുടുംബങ്ങളുടെ പുനരധിവാസം നടപ്പിലാക്കിയിട്ടുണ്ട്. ഇനിയും 1 8 0 0 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ പ്രതീക്ഷിത നീക്കിയിരിപ്പ് 1398 കോടി രൂപയായതിനാൽ ടി പദ്ധതി നടത്തിപ്പിനാവശ്യമായ ചെലവ് ഭാഗികമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ നീക്കിയിരിപ്പിൽ നിന്നും വഹിക്കുന്നതാണ്. ശേഷിക്കുന്ന തുക മത്സ്യബന്ധന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം തുടങ്ങി അനുയോജ്യമായ സ്രോതസ്സുകളിൽ നിന്നും കണ്ടെത്തുന്നതാണ്. വിശദമായ പദ്ധതി നിർദ്ദേശം മത്സ്യബന്ധന തുറമുഖ വകുപ്പ് സമർപ്പിക്കുന്ന മുറക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ

നിന്നും പണം അനുവദിക്കുന്നതാണ്.

5. <u>ജലവിഭവ വകുപ്പിന്റെ പ്രളയ പുനർനിർമ്മാണ പ്രവൃത്തികൾ</u> - ജലവിഭവ വകുപ്പിന്റെ പ്രളയ പുനർനിർമ്മാണ പ്രവൃത്തികൾക്കായി വിശദമായ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് 100 കോടി രൂപ വികസനനയ വായ്പ പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
പ്രിൻസിപ്പല് സെക്രട്ടറി

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

തദ്ദേശ സ്വയം ഭരണ വകുപ്പ്

പൊതുമരാമത്ത് വകുപ്പ്

ആസൂത്രണ സാമ്പത്തിക കാര്യ( RKI) വകുപ്പ്

മത്സ്യബന്ധന തുറമുഖ വകുപ്പ്

ജലവിഭവ വകുപ്പ്

ദുരന്ത നിവാരണ (എ) വകുപ്പ്

പൊതുഭരണ(എസ്.സി) വകുപ്പ് ( ഇനം.നം.3109 തീയതി.19.06.2019)

റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)

File No.REV-DRF-A1/274/2019-REV

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ